**പതിമൂന്നാം കേരളനിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5222

06.02.2014 ന് മറുപടിയ്ക്ക്.

**<u>തേക്കടി ബോട്ട് സവാരിക്കുള്ള ടിക്കറ്റ് വില്പന</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
| --- | --- |
| ശ്രീ.ആർ.സെൽവരാജ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) തേക്കടി വന്യമൃഗസംരക്ഷണ കേന്ദ്രത്തിൽ വനം വകുപ്പ് നടത്തുന്ന ബോട്ട് സവാരിക്കുള്ള ടിക്കറ്റ് കൗണ്ടറിലെ ക്യൂ ലംഘിച്ച് അനധികൃതമായി ചില ടൂർ ഓപ്പറേറ്റർമാർ ടിക്കറ്റ് സംഘടിപ്പിച്ച് യാത്ര നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് തടയുന്നതിന് വകുപ്പ് സ്വീകരിച്ചിരിക്കുന്ന മുൻകരുതലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) ഇത്തരത്തിൽ ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടൂറിസം പോലീസിന്റേയും വനസംരക്ഷണ ജീവനക്കാരുടേയും സേവനം ഉപയോഗപ്പെടുത്തി ഇത്തരം പ്രവണതകൾ തടയുന്നതിന് നടപടി എടുത്തിട്ടുണ്ട്. നിലവിൽ ക്യൂവിൽ നിൽക്കുന്ന ഒരാൾക്ക് രണ്ട് ടിക്കറ്റ് മാത്രമാണ് നൽകുന്നത്. തിരിച്ചറിയൽ രേഖയും ടിക്കറ്റിൽ രേഖപ്പെടുത്തുന്നുണ്ട്. ആയത് ബോട്ടിലും എൻട്രി ഗേറ്റിലും പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. കൂടാതെ ഇത്തരം അനഭിലഷണീയ പ്രവണതകൾ തടയുന്നതിനായി സമഗ്രമായ ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നുണ്ട്. |
| (ബി) ബോട്ട് യാത്രക്കുള്ള ടിക്കറ്റ് വിനോദസഞ്ചാരികളോ, ഉദ്യോഗസ്ഥരോ അല്ലാത്തവർ ക്രമവിരുദ്ധമായി കരസ്ഥമാക്കി മറിച്ച് വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഇത്തരത്തിൽ ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) തേക്കടി വന്യമൃഗസംരക്ഷണ കേന്ദ്രത്തിലെ ബോട്ട് യാത്രക്കാർക്കും, വിദേശ ടൂറിസ്റ്റുകൾക്കും സൗകര്യപ്രദമാകത്തക്ക വിധം ഓൺലൈനായി ടിക്കറ്റ് ബുക്കിംഗ് ഏർപ്പെടുത്തുന്നതിന് തയ്യാറാകുമോ; വിശദാംശം ലഭ്യമാക്കുമോ; | (സി) ഏർപ്പെടുത്തുന്നതാണ്. തേക്കടി വന്യമൃഗസംരക്ഷണ കേന്ദ്രത്തിലെ ബോട്ട് യാത്രക്കാർക്കും, വിദേശ ടൂറിസ്റ്റുകൾക്കും സൗകര്യപ്രദമാകത്തക്ക വിധം ഓൺലൈനായി ടിക്കറ്റ് ബുക്കിംഗ് ഏർപ്പെടുത്തുന്നതിന് പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷന്റെ ഗവേണിംഗ് ബോഡിയുടെ തീരുമാനപ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നു. ഓൺലൈൻ പ്രവർത്തനങ്ങളുടെ ചുമതല M/s ASPROS എന്ന കമ്പനിക്കാണ് നൽകിയിട്ടുള്ളത്. പ്രസ്തുത പദ്ധതി നടപ്പിലാകുന്നതോടെ നിശ്ചിത ശതമാനം ടിക്കറ്റുകൾ ഓൺലൈനായി ബുക്ക് ചെയ്യാൻ കഴിയുന്നതാണ്. |

| | |
|---|---|
| (ഡി) തേക്കടി സന്ദർശകരുടെ വാഹന പാർക്കിംഗ് മൂലം ഉണ്ടാകുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) നടപടി സ്വീകരിച്ചു വരുന്നു. തേക്കടി സന്ദർശകരുടെ വാഹന പാർക്കിംഗ് മൂലം ഉണ്ടാകുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അംഗീകൃത ടൈഗർ കൺസർവേഷൻ പ്ലാനിന് അനുസരണമായി ഒരു പ്രൊപ്പോസൽ ടൂറിസം ഡിപ്പാർട്ട്മെന്റിന് നൽകി ഫണ്ട് ലഭ്യമാക്കി സർക്കാർ ഏജൻസിയായ കിറ്റ്കോ മുഖാന്തിരമാണ് നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ.